60th Kerala School Kalolsavam, Nov 28 - Dec 1, 2019 _ Kasaragod

Item Code: 639 Participant Code: 6

# ആരോ പിന്നിലുണ്ട്

ഏകാന്തമീ രാവിൽ എന്നാത്മാവും
നെടുവീർപ്പു പൊഴിയുന്നിതെന്തുകൊണ്ടോ?
കനവിന്റെ തിച്ചൂള എരിയുന്നു!
അമ്മയെ ഭയക്കുന്ന ബാല്യമനം പോലെ,
ഹൃദയം മുറവിളികൂട്ടുന്നു.
ആരോ പിന്നിലായ് ഇഴഞ്ഞു നീങ്ങുന്ന
മേനിയുഴുതു മറിക്കുന്ന കൈകളാണോ?
മകളെ കൊതിക്കുന്ന താതന്റെ നോട്ടമാണോ
വൃദ്ധഗേഹാന്തരേ വരളുന്ന വാത്സല്യ
തീരത്തിലെ മൃതിഭീതിയാണോ?
പാഠം പഠിക്കുന്ന പാമ്പുകളാണോ
എൻ പിന്നിൽ,
വഴിതെറ്റി വന്ന യാത്രികനാണോ?
കരിഞ്ഞ കിനാവുമായ് അലിവിരക്കുന്ന
വികൃത ദേഹത്തിൻ നിർവികാരതയോ?
കയറുള്ള വാവിലെ പാതിജീവൻ തുടിപ്പാണോ?
വിഷക്കാവിലെ വന്യഭീതിയാർന്നൊരു മനം
ചിറകറ്റ ചകിതയാം കുഞ്ഞുപക്ഷി, പോലെന്റെ
ഹൃദയം വിതുമ്പി മെല്ലെ.

വാടാത്ത നദികളെ, ശിരസ്സറ്റ വൃക്ഷങ്ങളെ,
ഉറയാ തെളിയാത്തൊരരുവികളേ,
ചൊൽക, എൻ പിന്നിലാരെന്നറിക,
ഈ പഥികയാമെൻ ദുഃഖം ശ്രവിക്ക.
വിറയാർന്ന കാൽച്ചുവടുകൾ,
ചപലമായ് മാനസം.
ഇരുളിന്റെ മറവിലെ ശീതമാം കാറ്റിനു
ചുടുനിണമണമാണെന്നു തോന്നി.
അന്യമേതോ നിഴൽ മുരളുന്നു പിന്നിൽ
തിരിഞ്ഞു നോക്കാൻ തെല്ലുമാവുകില്ല.
വാടിയ മൊട്ടും തരുവാടികളും
ഇരയായ ശൈശവ ഛായ പോലെ,
കൊള്ളിയാൻ വെട്ടത്തിലിടറി നീങ്ങുന്ന
ഞാൻ പിന്നിലാരുണ്ടെന്ന ഭീതിയോടെ,
വിധി താഴിട്ടു പൂട്ടിയ ജന്മത്തെ പോലെ
ഞാൻ ഇടറിനീങ്ങുന്നു.
പിന്നിലാരുണ്ടെന്ന ചോദ്യമോടെ.

---